## സർക്കുലർ

127/NSS/DHSE/2017 19/09/2017

### വിജ്ഞാന കൈരളി വായനക്കൂട്ടം

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ പതാകാനൗക പദ്ധതികളിലൊന്നായ **അക്ഷരദീപം** പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ''വിജ്ഞാന കൈരളി വായനക്കൂട്ടം''. 13/09/2017 ൽ മാവേലിക്കര ജീവാരാം ബഥനി ആശ്രമത്തിൽ വച്ച് സംസ്ഥാന പ്രോഗ്രാം കോർഡിനേറ്ററുടെ അധ്യക്ഷതയിൽ കൂടിയ എൻഎസ്എസ് മേഖലാ/ജില്ലാ കൺവീനർമാരുടെ യോഗത്തിൽ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, ഈ മേഖലയിൽ നിരവധി വർഷത്തെ പ്രായോഗിക പരിജ്ഞാനമുള്ള, കൊല്ലം ജില്ല കേന്ദ്രമായി പ്രവർത്തിക്കുന്ന ഗ്രന്ഥപ്പുര സാംസ്കാരിക സമിതി എന്നിവരുടെ സഹകരണത്തോടെ ദേശീയ ശ്രദ്ധ ആകർഷിക്കുന്ന വിധത്തിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

### പ്രധാന ലക്ഷ്യങ്ങൾ

- കുട്ടികളിലെ മാതൃഭാഷാ നൈപുണി മികവുറ്റതാക്കുക.
- സുസ്ഥിരവും സാഹിത്യാധിഷ്ഠിതവുമായ വായനാശീലം വളർത്തിയെടുക്കുക.
- പത്രപാരായണം ശീലമാക്കുന്നതിലൂടെ സാമൂഹിക പ്രശ്നങ്ങൾ അറിയുന്നതിനും അവ പരിഹരിക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.
- സ്വയംപഠന ശേഷിയും, ചിന്താ ശേഷിയും അപഗ്രഥന ശേഷിയും പരിപോഷിപ്പിച്ച് കുട്ടികളുടെ അക്കാദമിക് തലം ഉയർത്തുകയും പരീക്ഷകളിൽ ഉന്നത വിജയത്തിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുക.
- സ്കൂൾ ലൈബ്രറികളും പ്രാദേശിക ലൈബ്രറികളും ശാക്തീകരിച്ചു പ്രോജക്ടിന്റെ സഹായ കേന്ദ്രങ്ങളാക്കി മാറ്റുക.

### പ്രവർത്തന വിശദാംശങ്ങൾ

1. എൻഎസ്എസ് വോളണ്ടിയർമാരും അല്ലാത്തവരുമായ 25 ഒന്നാം വർഷ കുട്ടികൾ അടങ്ങിയ നാല് വായനക്കൂട്ടങ്ങളാണ് (25 x 4=100 കുട്ടികൾ) ഒരു

സ്കൂളിൽ രൂപീകരിക്കേണ്ടത്. പരമാവധി മുഴുവൻ വിദ്യാർത്ഥികളെയും ഇതിൽ അംഗങ്ങളാക്കാവുന്നതാണ്. ഓരോ വായനക്കൂട്ടത്തിനും ഭാഷാ/സാഹിത്യാധിഷ്ഠിതമായ പേരുകൾ നൽകുകയും ഭാരവാഹികളായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരെ തെരഞ്ഞെടുക്കുകയും വേണം. ഒന്നാം വർഷ വോളണ്ടിയർമാർമാർ എല്ലാവരും ഇതിൽ അംഗങ്ങളാകേണ്ടതാണ്.

2. ഇവയുടെ മേൽനോട്ടത്തിനായി ഒരു വായനക്കൂട്ടത്തിനു ഒന്ന് എന്ന അനുപാതത്തിൽ തൽപരരായ നാലു അദ്ധ്യാപകരും പ്രോഗ്രാം ഓഫീസറും പ്രിൻസിപ്പലും ഉൾപ്പെടുന്ന ഒരു സമിതി സ്കൂളിൽ രൂപീകരിക്കേണ്ടതാണ്. ദേശീയ തലത്തിൽ ശ്രദ്ധ ആകർഷിക്കുവാൻ കഴിയുന്ന ഈ പദ്ധതിയുടെ വിജയം ഇപ്രകാരം രൂപീകരിക്കുന്ന മേൽനോട്ട സമിതിയുടെ കാഴ്ചപ്പാടിലും പ്രവർത്തനത്തിലും അധിഷ്ഠിതമായിരിക്കും എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
3. വായനക്കൂട്ടങ്ങളുടെ പ്രവർത്തനത്തിനായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പ്രസിദ്ധീകരണമായ വിജ്ഞാനകൈരളി മാസിക, ദിനപത്രങ്ങൾ, ബാല സാഹിത്യ/സാഹിത്യ കൃതികൾ എന്നിവ ആവശ്യമാണ്. വിജ്ഞാനകൈരളി മാസിക ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്കൂളുകളിൽ എത്തിക്കുന്നതാണ്. ദിനപത്രങ്ങൾ സ്കൂൾ തലത്തിൽ നിലവിലുള്ളതോ വിദ്യാർത്ഥിയുടെ വീട്ടിലുള്ളതോ ഉപയോഗിക്കാം. സാഹിത്യകൃതികൾ സ്കൂൾ/പ്രാദേശിക ലൈബ്രറിയിൽ നിന്നും ലഭ്യമാക്കണം.
4. ആഴ്ചയിൽ ഒരിക്കലോ(ഒരു മണിക്കൂർ) അല്ലെങ്കിൽ മാസത്തിൽ ഒരിക്കലോ (നാലു മണിക്കൂർ) പ്രസിഡന്റിന്റെ അധ്യക്ഷതയിൽ വായനക്കൂട്ടങ്ങൾ സംഘടിപ്പിക്കണം. സ്വാഗതം, കൃതജ്ഞത തുടങ്ങിയ യോഗ നടപടികൾ കുട്ടികൾ നിർവ്വഹിക്കണം. സെക്രട്ടറി റിപ്പോർട്ട് തയ്യാറാക്കുകയും അവതരിപ്പിക്കുകയും വേണം. ഈ യോഗത്തിൽ ഓരോ കുട്ടിയും വിജ്ഞാനകൈരളി മാസികയിലെ വിവിധ വിഷയങ്ങളെ ആസ്പദമാക്കി തയ്യാറാക്കി കൊണ്ടുവരുന്ന 25 ചോദ്യങ്ങൾ അവതരിപ്പിക്കണം. കൂടാതെ ആ ആഴ്ചയിലെ/മാസത്തിലെ പത്രവാർത്തകളിൽ തന്റെ മനസ്സിനെ സ്പർശിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുകയും താൻ വായിച്ച സാഹിത്യ കൃതിയെ സംബന്ധിച്ച ഒരു നിരൂപണം തയ്യാറാക്കി അവതരിപ്പിക്കുകയും വേണം.
5. പ്രവർത്തനം കൂടുതൽ ഫലപ്രദമാകുന്നതിനും അക്കാദമിക അധിഷ്ഠിതമാകുന്നതിനും വേണ്ടി വിജ്ഞാനകൈരളി മാസികയിൽ ഹയർ സെക്കണ്ടറി പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ലേഖനങ്ങളും വായനക്കൂട്ട

പ്രവർത്തനങ്ങൾ ചിത്രങ്ങൾ സഹിതമുള്ള റിപ്പോർട്ടുകളും കുട്ടികളുടെ രചനകളും ഇരുപതു പേജിൽ കുറയാത്ത വിധത്തിൽ ഉൾപ്പെടുത്തുന്നതാണ്.

6. സ്കൂൾ തല സമിതി കുട്ടികളുടെ പ്രവർത്തന/അവതരണ മികവും സമീപനത്തിലുള്ള ആത്മാർത്ഥയും വിലയിരുത്തി മൂന്നു തലങ്ങളിലും (ചോദ്യാവതരണം, പത്രവാർത്ത വിശകലനം, നിരൂപണം) ഒന്നും രണ്ടും സ്ഥാനങ്ങളിൽ എത്തുന്നവരെ കണ്ടെത്തണം.
7. ഈ വർഷം നവംബർ മുതൽ ഫെബ്രുവരി വരെയും വരും വർഷങ്ങളിൽ ജൂൺ മുതൽ ജനുവരി വരെയും ആയിരിക്കും വായനക്കൂട്ടത്തിന്റെ ഒരു വർഷ പ്രവർത്തനം. വർഷാവസാനം സ്കൂൾ തലത്തിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ ഒന്നും രണ്ടും സ്ഥാനക്കാർക്ക് സാംസ്കാരിക വകുപ്പ് മന്ത്രി ഒപ്പിട്ട സർട്ടിഫിക്കറ്റുകളും യഥാക്രമം 500 രൂപയുടെയും 300 രൂപയുടെയും പുസ്തകങ്ങളും സമ്മാനമായി നൽകും.
8. സ്കൂൾ തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്കായി ജില്ലാതല മത്സരവും തുടർന്ന് സംസ്ഥാനതല മത്സരവും ഉണ്ടാകും. ജില്ലാതലത്തിലെ ആദ്യ അഞ്ചു പ്രതിഭകൾക്ക് ഓരോരുത്തർക്കും 3000 രൂപയുടെ പുസ്തകങ്ങളും സർട്ടിഫിക്കറ്റും സമ്മാനമായി നൽകും.
9. സംസ്ഥാനതല വായനക്കൂട്ടം ത്രിദിന സഹവാസ ക്യാമ്പായി നടത്തുകയും പങ്കെടുക്കുന്ന എല്ലാവർക്കും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന പങ്കാളിത്ത സർട്ടിഫിക്കറ്റും, ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 25000, 15000, 10000 രൂപയുടെ പുസ്തകങ്ങളും ട്രോഫികളും സാംസ്കാരിക വകുപ്പ് മന്ത്രി ഒപ്പിട്ട സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. സംസ്ഥാന ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ ഉൾപ്പെടുത്തി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ, ഒരു സൗജന്യ ഭാരതയാത്രയും സംഘടിപ്പിക്കുന്നതാണ്.
10. ഓരോ വായനക്കൂട്ടത്തിന്റെയും പ്രവർത്തനത്തിനായി അതിലെ ഓരോ അംഗത്തിനും 250 രൂപാക്രമത്തിൽ സമാഹരിക്കേണ്ടതായിട്ടുണ്ട്. തൽപരരായ കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും നേരിട്ടോ, അദ്ധ്യാപക/പ്രാദേശിക സ്പോൺസർഷിപ്പ് വഴിയോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ സഹകരണത്തോടെയോ തുക കണ്ടെത്തി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനു കൈമാറണം. വായനക്കൂട്ടത്തിലെ മുഴുവൻ അംഗങ്ങൾക്കും ഒരു വർഷത്തെ വിജ്ഞാനകൈരളി മാസിക ലഭ്യമാക്കുക, വിവിധ ജില്ലാ-സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുക, വിജയികൾക്കാവശ്യമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുക, ഭാരത യാത്ര സംഘടിപ്പിക്കുക, അദ്ധ്യാപകർക്കും കുട്ടികൾക്കും ആവശ്യമായ

പരിശീലനങ്ങൾ നൽകുക തുടങ്ങിയവ എല്ലാം ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചുമതല ആയിരിക്കും.

11. പ്രവർത്തനങ്ങളുടെ സംസ്ഥാനതല നിയന്ത്രണം ഹയർ സെക്കണ്ടറി/ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർമാർ,സംസ്ഥാന കോർഡിനേറ്റർമാർ, എൻഎസ്എസ് മേഖലാ/ജില്ലാ കൺവീനർമാർ എന്നിവർ ഉൾപ്പെട്ട സമിതിക്കായിരിക്കും. സംസ്ഥാനതല പ്രവർത്തന ഏകോപനത്തിനായി എൻഎസ്എസ് പത്തനംതിട്ട ജില്ലാ കൺവീനർ ശ്രീ.ബിജുകുമാറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
12. പരിപാടിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങളും ഉത്തരവുകളും സർക്കാർ-ഡയറക്ടറേറ്റ് തലത്തിൽ പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടികൾ എൻഎസ്എസ് സ്റ്റേറ്റ് സെല്ലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന സ്വീകരിക്കുന്നതാണ്.
13. പദ്ധതിയുടെ നടത്തിപ്പിനായി ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്കും, മേഖലാ-ജില്ലാ കൺവീനർമാർക്കും വേണ്ടി ദ്വിദിന സംസ്ഥാനതല ശിൽപശാലയും തുടർന്ന് ഓരോ ജില്ലയിലെയും മുഴുവൻ പ്രോഗ്രാം ഓഫീസർമാരും സ്കൂൾതല നിയന്ത്രണ സമിതിയിലെ ഒരദ്ധ്യാപകനും ഉൾപ്പെടുന്ന സംഘത്തിനായി ജില്ലാതല ഏകദിന ശിൽപശാലയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കും. ഓരോ യൂണിറ്റിലെയും വായനക്കൂട്ടം അംഗങ്ങൾക്കായി സ്കൂൾതല പരിശീലനം ഉണ്ടാകും. ഇതിനാവശ്യമായ വിജ്ഞാനകൈരളി മാസിക ഉൾപ്പെടെയുള്ള സാമഗ്രികൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്നതാണ്.

## പ്രവർത്തനഘട്ടങ്ങൾ

**2017 ഒക്ടോബർ 4,5 :** മേഖലാ-ജില്ലാ കൺവീനർമാർ, വായനക്കൂട്ടം സംസ്ഥാനതല പരിശീലകർ എന്നിവർക്കായുള്ള സംസ്ഥാനതല ദ്വിദിന ശിൽപശാല.

**2017 ഒക്ടോബർ 7:** പ്രോഗ്രാം ഓഫീസർമാർക്കും പി.എ.സി അംഗങ്ങൾക്കും സ്കൂൾതല പരിശീലകർക്കും വേണ്ടിയുള്ള ഏകദിന ശിൽപശാല.

**2017 ഒക്ടോബർ 14:** " വായനക്കൂട്ടദിനം", സ്കൂൾതല പരിശീലനവും വായനക്കൂട്ടങ്ങളുടെ രൂപീകരണവും. ഏറ്റവും കുറഞ്ഞത് 200 ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും അതിൽ നിന്നും തൽപരരായ നൂറുപേരെ കണ്ടെത്തി വായനക്കൂട്ടങ്ങൾ രൂപീകരിക്കുകയും വേണം. ഒരേ ദിവസം ഒരേ സമയം 2,40,000 ത്തിൽ അധികം കുട്ടികളും രണ്ടായിരത്തി

നാനൂറിലധികം അദ്ധ്യാപകരും മാതൃഭാഷക്കായി കൈകോർക്കുന്ന ഒരു മഹാസംഭവമായി ഇത് മാറേണ്ടതുണ്ട്.

**2017 ഒക്ടോബർ 22:** യൂണിറ്റിൽ നിന്നും സമാഹരിക്കുന്ന തുക ജില്ലാ കൺവീനർമാർ ഏറ്റുവാങ്ങുന്നു.

**2017 ഒക്ടോബർ 25:** ജില്ലാ കൺവീനർമാരുടെ സംസ്ഥാന മീറ്റിംഗിൽ വച്ച് ഫണ്ട് സംസ്ഥാന സെല്ലിന് കൈമാറേണ്ടതാണ്.

**2017 നവംബർ 1 :** കേരളപിറവി ദിനത്തിൽ വായനക്കൂട്ടത്തിന്റെ സംസ്ഥാനതല ഉത്ഘാടനം നടത്തുന്നതാണ്.

ഒപ്പ്

ഡയറക്ടർ